പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 750 | 11.06.2014-ലെ മറുപടിക്ക്

# കാസർഗോഡ് മെഡിക്കൽ കോളേജ്

**ചോദ്യം**

ശ്രീ; എൻ.എ. നെല്ലിക്കുന്ന്

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

എ) കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടശേഷം അതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

എ) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് പുതുതായി ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 300 കിടക്കകളോടുകൂടി പ്രവർത്തന നിരതമായ ആശുപത്രിയാണ് ആദ്യമായി വേണ്ടത്. കൂടാതെ കോളേജ് പ്രവർത്തനം തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ലാബുകൾ, സ്ഥിരം ജീവനക്കാർ തുടങ്ങിയവയും ആവശ്യമാണ്. ഇങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങളാണ് കാസർഗോഡ് മെഡിക്കൽ കോളേജിൽ ഇപ്പോൾ നടന്നുവരുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ വുമായി ബന്ധപ്പെട്ട് 875 ലക്ഷം രൂപ സർക്കാർ ഇതുവരെ അനുവദിച്ചു. പദ്ധതിപ്രദേശത്തെ ആഭ്യന്തര റോഡു കളുടെ നിർമ്മാണ പ്രവർത്തനങ്ങളും പ്രദേശത്ത് ജലലഭ്യത ഉറപ്പു വരുത്തുന്ന തിനുള്ള നടപടികളും പുരോഗമിച്ചു വരികയാണ്.

| | |
|---|---|
| ബി) കെട്ടിടം പണിക്ക് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; എങ്കിൽ എന്തു തുകയ്ക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറായിട്ടുള്ളത്: | ബി) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പദ്ധതി നിർവ്വഹണത്തിന് മൊത്തം കണക്കാക്കിയിരിക്കുന്ന ചെലവ് ഏകദേശം 288 കോടി രൂപയാണ്. |
| സി) ഇതിന്റെ ചെലവുകൾക്കുള്ള തുക ഏതു വിധത്തിൽ കണ്ടെത്താമെന്നാണ് പ്രതീക്ഷിക്കുന്നത്;<br>ഡി) ഇതു സംബന്ധമായ നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശം നൽകുമോ? | സി) & ഡി) കാസർഗോഡ് മെഡിക്കൽ കോളേജിനായി സംസ്ഥാന സർക്കാർ ഇതുവരെ 875 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി നബാർഡ് ഉൾപ്പെടെയുള്ള ഏജൻസികളുടെ സഹായം അഭ്യർത്ഥിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ